**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.560**

**29.01.2019 ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡ് മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

**ചോദ്യം**

**ശ്രീ. കെ.ഡി.പ്രസേനൻ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് യുവജനക്ഷേമ ബോർഡ് മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2017-ൽ കേരളോത്സവം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പാലക്കാട് ജില്ലയിൽ സംഘടിപ്പിച്ചു കൂടാതെ വനിതാ ശിൽപശാല, പി.എസ്.സി പരിശീലന പദ്ധതി, യുവജന ദിനാഘോഷം, ജില്ലയിലെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങളിൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവ ക്ലബ്ബുകളുടെ രൂപീകരണം, ത്രിദിന യോഗ ക്യാമ്പ്, യൂത്ത് ബ്രിഗേഡ്, (പ്രകൃതിസംരക്ഷണസേന രൂപീകരണം) ഫുട്ബോൾ വേൾഡ്കപ്പ് ബിഗ് സ്ക്രീൻ പ്രദർശനം എന്നീ പ്രവർത്തനങ്ങൾ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള യൂത്ത് വോളന്ററി ആക്ഷൻ ഫോഴ്സ് എന്ന പദ്ധതിയിൽ ജില്ലയിൽ നിന്നും 15 നും 30 നും ഇടയിൽ പ്രായമുള്ള 7904 യുവാക്കളെ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പാലക്കാട് ജില്ലയിൽ പ്രസ്തുത പ്രവർത്തങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,50,14,862/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | 1.കേരളോത്സവം<br>ജില്ലാതലം വരെ<br>സംസ്ഥാനതലം | 45,15,000<br>99,11,664 |
| | | | 2.വനിതാ ശിൽപശാല | 50,000 |
| | | | 3. പി.എസ്.സി പരിശീലന പരിപാടി | 1,10,000 |
| | | | 4.യുവജനദിനാഘോഷം (2017,2018,2019) | 29,297 |
| | | | 5.യുവാക്ലബ്ബുകൾ | 35,000 |
| | | | 6.ത്രിദിന യോഗ ക്യാമ്പ് | 1,00,000 |
| | | | 7.യൂത്ത് ബ്രിഗേഡ് | 72,155 |
| | | | 8. ഫിഫ വേൾഡ്കപ്പ് ബിഗ് സ്ക്രീൻ പ്രദർശനം | 41,706 |
| | | | 9.KVYAF രജിസ്ട്രേഷൻ & കലാജാഥ | 33,620 |
| | | | 10.ആർട്ട് ഡി ടൂർ - കാസർഗോഡ് ജില്ലയിലെ സമാപന യോഗത്തിൽ ജില്ലയിൽ നിന്നുള്ള യുവാക്കളെ പങ്കെടുപ്പിച്ചത് | 1,16,420 |
| | | | ആകെ | 1,50,14,862 |

സെക്ഷൻ ഓഫീസർ